**ക്രമപ്രശ്നം**

## റൂളിംഗിനു വിരുദ്ധമായ പത്രവാർത്ത

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ആർ. സെൽവരാജ് ഇവിടെ ചില പരാമർശങ്ങൾ നടത്തി. ബഹുമാനപ്പെട്ട സ്പീക്കർ അത് റിക്കോർഡിൽ ഉണ്ടാകില്ലായെന്ന് റൂളിഗും നൽകി. പക്ഷേ ഈ കാര്യങ്ങളെല്ലാം പത്രങ്ങളിൽ വന്നു. അതിൽ ഒരു വാചകം, 'പുരുഷ എം.എൽ.എ.-മാരെ വനിതാ അംഗങ്ങൾ കടിച്ചുവലിച്ചു, കെട്ടിപ്പിടിച്ചു' എന്നാണ്. ഇതിൽ പ്രതിഷേധിച്ച ശ്രീമതി. കെ. കെ. ലതികയോട് 'അവിടെ ഇരിക്കെടീ... ഇരിക്കെടീ' എന്ന് നിരവധി തവണ ആവർത്തിച്ചു. ഇത് ആ എം.എൽ.എ.-യോട് പറഞ്ഞതാണ്, സത്യവുമാണ്. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ റിക്കാർഡിൽ ഉണ്ടാകില്ല എന്ന് പറഞ്ഞ സാഹചര്യത്തിൽ ഈ വാചകങ്ങൾ ഒരു കാരണവശാലും ഒരു ജനപ്രതിനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നതല്ല. അത് ആ രൂപത്തിൽത്തന്നെ പത്രങ്ങളിൽ വരികയും ചെയ്തു. അപ്പോൾ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന് എന്ത് വിലയാണുള്ളത്? അത്തരം പരാമർശങ്ങൾ നീക്കം ചെയ്തുകഴിഞ്ഞാൽ സാധാരണഗതിയിൽ പത്രങ്ങളിൽ വരാൻ പാടില്ലാത്തതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചത് വളരെ സീരിയസ് ആയ ഒരു പ്രശ്നമാണ്. ഇവിടെ സഭയിൽ നടക്കുന്ന ചർച്ചയിൽ ഏതെങ്കിലും ഭാഗം സ്പീക്കർ സഭാരേഖയിൽ നിന്നും നീക്കം ചെയ്താൽ അത് പ്രസിദ്ധീകരിക്കാൻ പാടില്ല. പക്ഷേ പലപ്പോഴും നമ്മുടെ മാധ്യമങ്ങൾ നീക്കം ചെയ്യുന്ന ഭാഗം പ്രസിദ്ധീകരിക്കുന്നതായി കാണുന്നു. ഇത് വളരെ സീരിയസായി എടുക്കുകയാണ്. ഇനി സ്പീക്കർ നീക്കം ചെയ്യുന്ന ഒരു ഭാഗവും മാധ്യമങ്ങൾ പ്രസിദ്ധീകരിക്കാൻ പാടില്ലായെന്നത് ശക്തിയായി ഒരിക്കൽക്കൂടി റൂളിംഗ് നൽകുന്നു.